**വാക്കാലന്വേഷണം – തീർപ്പ കൽപിച്ച് ഉത്തരവ് : H2-92680/2022/MM Dt: 26.08.2024**

വിഷയം : ശ്രീ. അഭിലാഷ് അർ വി CPO 5555 (PEN: 639990) എന്ന സേനാംഗത്തിനു എതിരായ വാക്കാലന്വേഷണം – തീർപ്പ കൽപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന :
1) 27.06.2024 തിയ്യതിയിലെ A5(a)-14986/2022/MM നമ്പർ ഉത്തരവ്
2) സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും വന്ന 25/102022 തിയ്യതിയിലെ E6-111319/2022/PHQ നമ്പർ കത്ത്
3) 06.12.2022 തീയതിയിലെ H2-192680/2022/MM നമ്പർ നടപടിക്രമം.
4) എസ്.എച്ച്.ഒ. കൊളത്തൂർ 29.04.2023 തീയതിയായി സമർപ്പിച്ച പി.ആർ. മിനുടസും. അനുബന്ധ രേഖകളും. 4
5) ജില്ലാ പോലീസ് മേധാവിയുടെ 03.06.2023 തീയതിയിലെ H2-92680/2022/MM നമ്പർ കാരണംകാണിക്കൽ നോട്ടീസ്.5
6) DySP C ബ്രാഞ്ചിൽ നിന്നും ലഭിച്ച 04-12-2023 തീയതിയിലെ പത്രപരസ്യത്തിന്റെ പകർപ്പുകൾ.

ശ്രീ. അഭിലാഷ് ആർ. വി. CPO 5555 (PEN: 639990)എന്ന സേനാംഗം മലപ്പുറം ഡി.എച്ച്.ക്യൂവിൽ പ്രവർത്തിയെടുത്തു വരവെ 08.11.2021 തീയതി മുതൽ 20.01.2022 വരെ 74 ദിവസത്തെ ചികിൽസാ അവധിയിൽ പോയിട്ടുള്ളതാണ്. തുടർന്ന് 21.01.2022 തീയതി ആവശ്യമായ അവധി അപേക്ഷയും മെഡിക്കൽ രേഖകളും സഹിതം തിരിച്ച് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ അനധികൃത അവധിയിൽ തുടരുകയുണ്ടായി. ഇതിനെത്തുടർന്ന് പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147, പി.എച്ച്.ക്യൂ സർക്കുലർ 22/74 എന്നിവ പ്രകാരം ടിയാന് അനക്സർ 1, അനക്സർ 2 മെമ്മോകൾ ടിയാന്റെ വീട്ടിൽ എത്തിച്ചു നടത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ ടിയാൻ യാതൊരു കാരണവും ബോധിപ്പിക്കാതെ മനപ്പൂർവ്വം ജോലിയിൽ നിന്നും വിട്ടു നിന്നതിനാൽ ടിയാനെ പോലീസിൽ നിന്നും ഒളിച്ചോടി പോയവനായി പ്രഖ്യാപിച്ചുകൊണ്ട് സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അനധികൃതമായി അവധിയെടുത്ത ടിയാനെതിരെ നടപടികൾ എടുക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും സൂചന 2 പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. സൂചന 3 പ്രകാരം ടിയാനെതിരെ വാച്യാന്വേഷണം നടത്തുന്നതിനു SHO കൊളത്തൂരിനെ ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി അന്വേഷണോദ്യോഗസ്ഥൻ സൂചന 4 പ്രകാരം അന്വേഷണ വിചാരണപത്രിക സമർപ്പിച്ചിട്ടുള്ളതിൽ അന്വേഷണോദ്യോഗസ്ഥൻറെ നിഗമനത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് മേൽ കുറ്റത്തിനുള്ള ശിക്ഷയായി ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി (Removal from service) താത്കാലികമായി തീരുമാനിച്ച്, ടി തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക എന്തെങ്കിലും ബോധിപ്പിക്കുന്നതിനാവശ്യപ്പെട്ട് സൂചന 5 പ്രകാരം ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് പ്രമുഖദിന പത്രങ്ങൾ മുഖാന്തിരം പരസ്യപെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെയായിട്ടും കുറ്റാരോപിതൻ ആയതിന് മറുപടി ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ, മേൽ തീരുമാനത്തിനെതിരായി ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നു. ആയത് പ്രകാരം, ശ്രീ.അഭിലാഷ് ആർ.വി CPO 5555 (PEN:639990) എന്ന സേനാംഗം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന 08. 11.2021 തീയതി പൂർവാഹ്നം മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removed from service) ടിയാനെതിരായ അച്ചടക്ക നടപടിയിൽ തീർപ്പ കൽപിച്ച് ഇതിനാൽ ഉത്തരവാക്കുന്നു.

മേൽ ഉത്തരവിനെതിരായി ടിയാന് തൃശ്ശൂർ മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് മുൻപാകെ രണ്ട് മാസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഒപ്പ്)
ശശിധരൻ എസ് ഐ പി എസ്
ജില്ലാ പോലീസ് മേധാവി , മലപ്പുറം